(13.03.2015-ന് രാവിലെ 8.50-ാട്ടുകൂടി ചില പ്രതിപക്ഷാംഗങ്ങൾ ആരോപണ വിധേയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരണത്തിൽനിന്നും പിന്മാറണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ച് ബഹു. സ്പീക്കറുടെ ഡയസ്സിൽ കയറി കൂട്ടംകൂടിനിന്ന് ഡയസ്സിലേയ്ക്കുള്ള പ്രവേശനകവാടത്തിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും സ്പീക്കറുടെ കസേര വലിച്ച് സഭാതലത്തിലേയ്ക്ക് മറിച്ചിടുകയും മേശപ്പുറത്തുള്ള മൈക്ക്, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തു. തുടർന്ന് നിയമസഭയുടെ വാച്ച് & വാർഡ് വിഭാഗം സഭാ ഹാളിലേയ്ക്ക് പ്രവേശിച്ചു. പ്രതിപക്ഷാംഗങ്ങളും വാച്ച് & വാർഡുമായുള്ള ഉന്തുംതള്ളിനുമിടയ്ക്ക് ബഹു. സ്പീക്കർ ഡയസ്സിൽ പ്രവേശിക്കുകയും ബഹു. ധനകാര്യ വകുപ്പുമന്ത്രിയെ ബഡ്ജറ്റ് അവതരണത്തിനായി ക്ഷണിക്കുകയും ചെയ്തു. )

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണം

മി. സ്പീക്കർ: ..........(ബഹളം)............ ബഹുമാനപ്പെട്ട ധനകാര്യവും

നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, അങ്ങേയ്ക്ക് 2015-2016 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റും വോട്ട് വോൺ അക്കൗണ്ടും അവതരിപ്പിക്കാവുന്നതാണ്.

(മൈക്ക് ഇല്ലാതിരുന്നതിനാലും വലിയ ബഹളം ആയിരുന്നതിനാലും പ്രസംഗം വായിച്ചുതുടങ്ങുവാൻ സ്പീക്കർ കൈ ഉയർത്തി ആംഗ്യം കാണിക്കുകയും ചെയ്തു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റും 2015 ഏപ്രിൽ മുതൽ 2015 ജൂലൈ വരെ നാലുമാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കുന്നു. ............2015-16 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഞാൻ സന്തോഷപൂർവ്വം അവതരിപ്പിക്കുന്നു. ഈ സർക്കാരിന്റെ അഞ്ചാമത്തേയും എന്റെ പതിമൂന്നാമത്തേയും ബഡ്ജറ്റാണ് മഹനീയമായ ഈ സഭയ്ക്കു മുൻപാകെ ഞാൻ അവതരിപ്പിക്കുന്നത്. ഞാൻ അവതരിപ്പിച്ച കഴിഞ്ഞ നാല് ബഡ്ജറ്റുകളിലും വികസന പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിനും സമ്പദ് വ്യവസ്ഥയിൽ സുസ്ഥിര പുരോഗതി ഉറപ്പുവരുത്തുന്നതിനുമാണ് ഊന്നൽ നൽകാൻ ശ്രമിക്കുന്നത്. അത് സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് എത്രമാത്രം

ഉത്തേജനം നൽകി എന്നതിന്റെ അടിസ്ഥാനത്തിലാണെന്ന് ഞാൻ വിശ്വസിക്കുന്നു. ബഡ്ജറ്റിലൂടെ വിവിധ മേഖലകൾക്കു നൽകിയ പ്രോൽസാഹനം .......

................കാർഷിക മേഖലയിൽ കേരളം കഴിഞ്ഞ ഏഴു വർഷത്തിൽ ആദ്യമായി 2012-13 ൽ 5.62% വളർച്ച കൈവരിക്കാൻ കഴിഞ്ഞു എന്നതാണ് യാഥാർത്ഥ്യം.

എൻ.ഡി.എ. ഗവൺമെന്റ് രണ്ടാഴ്ച മുൻപ് അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് സംസ്ഥാനത്തെ കടുത്ത നിരാശയിൽ ആഴ്ത്തിയിരിക്കുകയാണ്................... ഈ പദ്ധതികൾ തുടർന്ന് നടപ്പിലാക്കുന്നതിന് 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന ..........

സർ, ഞാൻ ഈ ബഡ്ജറ്റ് മേശപ്പുറത്തുവയ്ക്കുന്നു.

2015-16 മുതൽ 2017-18 വരെയുള്ള മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റും മീഡിയം ടേം ഫിസ്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

.........(ബഹളം)........ ഇതിലെ ചില ഭാഗങ്ങൾ വായിക്കാതിരുന്നിട്ടുണ്ട്,

അത് വായിച്ചതായി പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

ഇന്നലെ ഉറക്കമിളച്ച് ഈ ബഡ്ജറ്റ് പരിരക്ഷിച്ച പ്രതിപക്ഷത്തിന് എന്റെ നന്ദി.

(ബഡ്ജറ്റ് പ്രസംഗം അവസാനിക്കുന്നതുവരെ പ്രതിപക്ഷ ബഹളവും ഉന്തും തള്ളും തുടർന്നുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 മാർച്ച് മാസം 16-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.09-ന് പിരിഞ്ഞു.)

****